747191

**D 140966** **(Pages : 3)** **Name....................................**

**Reg. No..................................**

## FOURTH SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2026

Malayalam

MAL4B05—PRACHEENA MADHYAKALA MALAYALA KAVITHA

(2019 Syllabus)

Time : Two Hours and a Half — Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25)

1 ‘ഞാനമെങ്കൽ വിളയിച്ചു തെളിയിച്ചിനിയ ചൊൽനായികേ–സന്ദർഭമെന്ത് ?

2 ‘പവനനവനെ ചെന്റുകൊന്റാൻ തദാനീം’–സൂചിതമെന്ത്

3 ഭാഷാനൈഷധം ചമ്പുവിലെ പ്രതിപാദ്യം അവലംബിച്ചിരിക്കുന്ന കൃതിയേത് ? ഏത് ഉപാഖ്യാനം ?

4 മൊയിൻകുട്ടിവൈദ്യർ രചിച്ച പ്രഥമ അറബി–മലയാളം കൃതിയേത് ?

5 “കരത്താലൊന്നിലെടുത്തുകൊണ്ടിഹമീൾ

വനില്ല വികൽപമേതും”

–ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?

6 ഭാഷാചമ്പുക്കളിലെ പ്രഥമകൃതിയേത് ? കർത്താവാര് ?

7 “വാക്കിനുവാക്കും വമ്പിനുവമ്പും മുഷ്കിനു മുഷ്കും മുള്ളിനു മുള്ളും

തല്ലിനുതല്ലും ഭോഷ്കിനുഭോഷ്കുമെനിക്കുണ്ടറിവിൻ”

–ആരുടെ വാക്കുകൾ ? കൃതിയേത് ?

8 ഇരവിക്കുട്ടിപ്പിള്ളപ്പാട്ട് ഉൾപ്പെടുന്ന ഗാനശാഖയേത് ?

9 “പൊലിക പൊലിക പൊലിക ജനമേ” എന്നു പറഞ്ഞുകൊണ്ടാരംഭിക്കുന്നത് ഏത് തെയ്യത്തിന്റെ തോറ്റമാണ് ? മറ്റ് തോറ്റങ്ങളുടെ ആരംഭത്തിൽ നിന്നും ഇത് വ്യത്യസ്തമായിരിക്കുന്നതെങ്ങനെ ?

10 “കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെന്റെ

ഭക്തന്മാരാർത്ഥിച്ചാൽ

കൈക്കും കാഞ്ഞിരക്കുരുവുമെനിക്കമൃതം”

–കൃതിയേത് ? പറയുന്നതാര് ?

**Turn over**

747191

747191



11 “ദീനനായ് നിന്നൊരു ഞാനായ പൂവിൽ നിന്നാനന്ദമാടിക്കളിക്കുമോ താൻ”–സന്ദർഭമെന്ത് ?

12 മണിപ്രവാള ലക്ഷണമെന്ത് ?

13 “കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ”–ആരുടെ വാക്കുകൾ ? ആരെക്കുറിച്ച് ആരോടു പറയുന്നു ?

14 “പെരുകിന കൗതുകമുണ്ടതു കേൾപ്പാൻ പരിചൊടു തൽക്കഥ കഥനം ചെയ്ക–കൗതുക കഥയെന്ത് ? വക്താവാര് ?

15 എന്താണ് എതുകയും മോനയും ?

(25 marks)

## Section B

II. ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ (പരമാവധി 35 മാർക്ക്)

16 പാട്ടുഭാഷയുടെ പ്രത്യേകതകൾ രാമചരിതത്തെ മുൻനിർത്തി വിവരിക്കുക.

17 “കല്യാണാംഗീ കഥമപി പിരി-

ഞ്ഞെങ്ങനേ ഞാനറിഞ്ഞീ

ലെ, ന്നെക്കൈക്കൊണ്ടപഗതവതീ

കാപിയക്ഷീ നിശായാം”

–കഥാസൂചനയെന്ത് ?

18 “നിത്യമല്ലേതുമേ ദേഹാദികളിതു

നിത്യമാകുന്നതു നിശ്ചയമീശ്വരൻ”

-സന്ദർഭവും ആശയവും വിശദമാക്കുക.

19 മാപ്പിളപ്പാട്ടിന്റെ സവിശേഷതകളെ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കുക.

20 ഘോഷയാത്രതുള്ളലിലെ കേട്ടുകയർത്തുര ചെയ്ക സുയോധനന്റെ ചിത്രീകരണത്തിലൂടെ കുഞ്ചൻ നമ്പ്യാർ പുനഃസൃഷ്ടിക്കുന്ന കേരളീയ സാമൂഹിക സന്ദർഭങ്ങളെ വിചാരണ ചെയ്യുക.

21 ‘ജാതീയതയെ ചോദ്യം ചെയ്യലും അവർണന്റെ പ്രതിരോധവും സമൂഹനീതിയെ ഉടച്ചുവാർക്കലുമാണ് പൊട്ടൻ തെയ്യത്തിന്റെ പ്രഖ്യാതലക്ഷ്യം’–ശരിയോ ? പരിശോധിക്കുക.

22 തെക്കൻപാട്ടുകളുടെ സവിശേഷതകൾ ഇരവിക്കുട്ടിപ്പിള്ളപ്പാട്ടിനെ ആസ്പദമാക്കി വിവരിക്കുക.

23 “ദരിദ്രനായ കുചേലന്റെ ദയനീയജീവിതത്തോടും ചിത്തവൃത്തികളോടും താദാത്മ്യം പ്രാപിക്കാൻ നിസ്വനും നിസ്സഹായനുമായ വാര്യർക്ക് സാധിച്ചതിനാൽ ഹൃദയസ്പൃക്കുമായിത്തീർന്നു. വികാര നിർഭരത്വം കുചേലവൃത്തത്തിന്റെ സ്വഭാവമാണ് ”–പാഠഭാഗത്തെ മുൻനിർത്തി എൻ. കൃഷ്ണപിള്ള യുടെ അഭിപ്രായത്തെ സാധൂകരിക്കുക.

(35 marks)

747191

747191



## Section C

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. (10 മാർക്ക് വീതം)

24 നാടൻപാട്ടുകൾ വിനിമയം ചെയ്യുന്ന സാംസ്കാരികവും സാഹിതീയവും ഭാഷാപരവുമായ സവിശേഷതകൾ തോറ്റംപാട്ട്, മാപ്പിളപ്പാട്ട്, തെക്കൻപാട്ട് എന്നിവ ഉൾപ്പെടുന്ന പാഠഭാഗങ്ങളെ ആസ്പദമാക്കി അടയാളപ്പെടുത്തുക.

25 രാമചരിതത്തിലെയും കണ്ണശ്ശരാമായണത്തിലെയും ഭാഷ, പ്രമേയം, ആവിഷ്കാരരീതി എന്നിവ താരതമ്യപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.

26 ഉണ്ണുനീലി സന്ദേശത്തിന് മലയാളസാഹിത്യചരിത്രത്തിലുള്ള പ്രാധാന്യമെന്ത് ? വ്യക്തമാക്കുക.

27 കുഞ്ചൻനമ്പ്യാർക്കവിതയുടെ എന്തെല്ലാം സവിശേഷതകളാണ് ഘോഷയാത്ര തുള്ളലിൽ തെളിഞ്ഞു കാണാനാവുന്നത് ? ഉദാഹരണസഹിതം വിവരിക്കുക.

(2 × 10 = 20 marks)

747191